**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4100** **17-03-2025 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തിന്റെ ലൈസൻസ് നൽകൽ ചട്ടങ്ങളിൽ സമഗ്ര മാറ്റത്തിന്റെ ആവശ്യകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം വിഭാവനം ചെയ്യുന്ന സംരംഭക വികസന പരിപാടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നിലവിലുള്ള കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾ, വ്യാപാര സ്ഥാപനങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ സമഗ്രമാറ്റം നടപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ സംരംഭക സൗഹൃദമാക്കുന്നതിനായി നിലവിലുള്ള 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾ, വ്യാപാര ്ഥാപനങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ സമഗ്ര മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി തയ്യാറാക്കിയിട്ടുള്ള കരട് ചട്ടങ്ങൾ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | പുതിയ വൻകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് വേണമെന്ന നിലവിലുള്ള ചട്ടം ഇളവ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ സംരംഭക സൗഹൃദമാക്കുന്നതിനായി നിലവിലുള്ള 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾ,<br><br>വ്യാപാര സ്ഥാപനങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ സമഗ്ര മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി തയ്യാറാക്കിയിട്ടുള്ള കരട് ചട്ടങ്ങൾ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ വൈറ്റ്, ഗ്രീൻ കാറ്റഗറിയിലുൾപ്പെടുന്ന സംരംഭങ്ങൾക്ക് വീടുകളിലുൾപ്പെടെ പ്രവർത്തിക്കാൻ ലൈസൻസ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ സംരംഭക സൗഹൃദമാക്കുന്നതിനായി നിലവിലുള്ള 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾ,<br><br>വ്യാപാര സ്ഥാപനങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ സമഗ്ര മാറ്റം |

| | | | |
|---|---|---|---|
| | | | വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി തയ്യാറാക്കിയിട്ടുള്ള കരട് ചട്ടങ്ങൾ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ഡി) | നിലവിലെ ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം പല പുതിയകാല സംരംഭങ്ങൾക്കും ലൈസൻസ് നൽകാൻ സാധിക്കാത്ത സ്ഥിതിയുണ്ടോ; നിയമവിധേയമായ ഏത് സംരംഭത്തിനും പഞ്ചായത്തുകളിൽ നിന്ന് അനായാസം ലൈസൻസ് ലഭിക്കുന്നതിന് വ്യവസ്ഥകൾ കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ സംരംഭക സൗഹൃദമാക്കുന്നതിനായി നിലവിലുള്ള 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾ,<br><br>വ്യാപാര സ്ഥാപനങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ സമഗ്ര മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി തയ്യാറാക്കിയിട്ടുള്ള കരട് ചട്ടങ്ങൾ സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ